കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രാധികൃത തർജ്ജമകൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്, 1973

## (1973-ലെ 50-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം).

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില : [illegible]-30

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# പ്രാധികൃത തർജ്ജമകൾ (കേന്ദ്ര നിയമങ്ങൾ)
# ആക്റ്റ്, 1973

(1973-ലെ 50-ാം ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

KO-30

) കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രാധികൃത തർജ്ജമകൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്, 1973

(1973-ലെ 50-ാം നമ്പർ ആക്റ്റ്)

## ചില ഭാഷകളിലേക്കുള്ള കേന്ദ്രനിയമങ്ങളുടെ പ്രാധികൃത തർജ്ജമകൾക്ക് വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

[1973 ഡിസംബർ, 5.]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിനാലാം സംവൽസരത്തിൽ പാർലമെന്റ് ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് പ്രാധികൃത തർജ്ജമകൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്, 1973 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. ചില ഭാഷകളിലേക്കുള്ള കേന്ദ്രനിയമങ്ങളുടെ പ്രാധികൃത തർജ്ജമകൾ.—ഭരണഘടനയുടെ എട്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള (ഹിന്ദി അല്ലാത്ത മററു) ഏതെങ്കിലും ഭാഷയിലുള്ളതും ഔദ്യോഗിക ഗസററിൽ രാഷ്ട്രപതിയുടെ പ്രാധികാരത്തിൻകീഴിൽ പ്രസിദ്ധപ്പെടുത്തുന്നതും:—

(ക) ഏതെങ്കിലും കേന്ദ്ര ആക്റ്റിന്റേതോ രാഷ്ട്രപതി പ്രഖ്യാപിക്കുന്ന ഏതെങ്കിലും ആർഡിനൻസിന്റേതോ ; അല്ലെങ്കിൽ

(ഖ) ഭരണഘടനയുടേയോ ഏതെങ്കിലും കേന്ദ്ര ആക്റ്റിന്റേയോ കീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന്റേതോ, ചട്ടത്തിന്റേതോ, റെഗുലേഷന്റേതോ ആയതും ആയ തർജ്ജമ അതിന്റെ ആ ഭാഷയിലുള്ള പ്രാധികൃത തർജ്ജമയായി കരുതപ്പെടുന്നതാകുന്നു.

3. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെന്റിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഓരോ സഭയിലും, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി അടങ്ങുന്ന ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അത് മേല്പറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടുപിന്നീടു വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തണമെന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കാൻ പാടില്ലെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനു ശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നാൽ അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതും ആണ്.

3/7626/V.